പതിനാലാം കേരളനിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 160    27.02.2017-ൽ മറുപടിക്ക്

## പോലീസ് സ്റ്റേഷനുകളിൽ പിടിച്ചെടുക്കപ്പെട്ട വാഹനങ്ങൾ

| ചോദ്യം<br>ശ്രീ. എൻ. ഷംസുദ്ദീൻ | | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ വിവിധ കേസുകളിൽ പിടിച്ചെടുക്കപ്പെട്ട വാഹനങ്ങൾ പൊതുനിരത്തുകളിൽ നിർത്തിയിട്ടിരിക്കുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ചെറിയ കേസുകളിൽപ്പെട്ട വാഹനങ്ങൾ പോലും മറ്റു നിയമതടസ്സങ്ങൾ ഒന്നും തന്നെ ഇല്ലെങ്കിൽ പോലും വിട്ടുകൊടുക്കാതെ പിടിച്ചുവെക്കുന്നത് ശ്രദ്ധയിൽവന്നിട്ടുണ്ടോ; | (ബി) | നിയമ തടസ്സങ്ങൾ ഇല്ലാത്ത വാഹനങ്ങൾ വിട്ടുകൊടുക്കാതെ പിടിച്ചുവെക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ പിടിച്ചെടുത്ത വാഹനങ്ങൾ വിട്ടുകൊടുക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന പോലീസ് മേധാവിയുടെ 30.01.2017-ലെ സർക്കുലർ നം.7/2017 പ്രകാരവും, യു3/16496/2015/പി.എച്ച്.ക്യൂ തീയതി 10/2/2017 കത്ത് മുഖേനയും സംസ്ഥാന പോലീസ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ